കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പൂവച്ചൽ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

**2017-2018**

ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം

**e-mail:lfadtvm@yahoo.in**
**dotvm.ksad@kerala.gov.in**

നം.കെ.എസ്.എ.റ്റി.വി.എം/ജി.പി./5/1900/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം,
Phone No: 0471-2331231
Email: lfadtvm@yahoo.in

തീയതി : 5.10.2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)

പൂവച്ചൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പൂവച്ചൽ ഗ്രാമപഞ്ചായത്ത് -2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം2, 3-എന്നീ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ.

3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.റ്റി.വി.എം/ജി.പി./5/1900/2018

തീയതി : 5.10.2018

## തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ

ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യ പത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 20.07.2107 മുതൽ 08.08.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റുമായി ബന്ധപ്പെട്ട് **18** അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ **11** എണ്ണത്തിനാണ് മറുപടി ലഭ്യമായത്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നിലനിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/രേഖകൾ/വിവരങ്ങൾ/ വിശദീകരണം കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ/ഓഡിറ്റ് റിപ്പോർട്ട്/ ഗ്രാമപഞ്ചായത്തിൻെറ തീരുമാനം എന്നിവയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം, നിർവ്വഹണാധികാരികൾ എന്നിവയുടെ വിവരം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സാജൻ ലാൽ എസ്.ജെ.,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 09.08.2108 മുതൽ<br>18.08.2018 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീമതി.സിന്ധുലാബീവി | ഓഡിറ്റ് ഓഫീസർ |
| ശ്രീ.സുരേഷ് ബാബു.ബി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി.ജയലക്ഷ്മി.ബി.കെ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.കോസല രാമദാസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി.സീന.കെ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.സഫീർ അഹമ്മദ് അബ്ദുൽ റൗഫ് | ഓഡിറ്റർ |

നിർവഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | ശ്രീ.കെ .രാമചന്ദ്രൻ<br>01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ.ജോസഫ് ബിജു.എം<br>01.04.2017 മുതൽ 31.03.2018 വരെ |

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.ബാലചന്ദ്രൻ നായർ | 01.04.2017 -31.03.2018 |
| വെറ്ററിനറി സർജൻ | ഡോ.അപർണ.എസ് | 01.04.2017 -31.03.2018 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി കലാവതി.എം.എസ് | 01.04.2017 -31.03.2018 |

| | | |
|---|---|---|
| വി.ഇ.ഒ.<br>(എ) സർക്കിൾ | 1.സംഗീത കൃഷ്ണൻ.ഐ.കെ<br>2.ഗംഗ.ആർ.ജെ<br>3.നിഷ.എൽ.എസ് | 01.04.2018-31.03.2018<br>01.04.2017-30.10.2017<br>01.11.2017-31.03.2018 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.നെൽസൺ | 01.04.2017-31.03.2018 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ബീന.ജി | 01.04.2017-31.03.2018 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.റോഷ്നി | 01.04.2017-31.03.2018 |
| ഹെഡ്മിസ്ട്രസ്, | ശ്രീമതി സീനത്ത് ബീവി | 01.04.2017-31.03.2018 |
| അസി.എഞ്ചിനീയർ | 1.ശ്രീ.സൂരജ് സി.ജെ<br>2.സന്തോഷ് കുമാർ.കെ.വി | 01.04.2017-04.10.2017<br>04.10.2017-31.03.2018 |
| അസി.സെക്രട്ടറി | ശ്രീമതി ലേഖ.ഡി.എസ് | 01.04.2017-31.03.2018 |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| | ഭാഗം - **1** | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | ക്ഷേമപദ്ധതികൾ | 1-7 | |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 | |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 | |
| | ഭാഗം - **2** | | |
| 11 | തൊഴിൽ നികുതി. | 2-1 | |
| 12 | ട്രേഡേഴ്സ് ലിസ്ററ് | 2-2 | |
| 13 | ആശുപത്രി മാനേജ്മെൻറ് കമ്മിറ്റി- പ്രവർത്തനം തൃപ്തികരമല്ല | 2-3 | |
| | ഭാഗം - **3** | | |
| 14 | സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികൾ | 3-1 | |
| 15 | പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് | 3-2 | |
| 16 | ടെണ്ടർ നടപടിക്രമം –തൃപ്തികരമല്ല. | 3-3 | |
| 17 | വീട്ടിലൊരു ഗ്രന്ഥപ്പുര- രേഖകൾ സൂക്ഷിച്ചിട്ടില്ല | 3-4 | |

| | | | |
|---|---|---|---|
| 18 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹിച്ച പ്രോജക്ടുകൾ– അപാകത സംബന്ധിച്ച് | 3-5 | |
| 19 | പകൽവീട് പരിപാലനം- തുക ചെലവഴിക്കാതെ വിനിയോഗ സാക്ഷ്യപത്രം നൽകി | 3-6 | |
| 20 | മരുന്നു വാങ്ങൽ -തുക നൽകി- മരുന്ന് പൂർണ്ണമായും ലഭിച്ചില്ല | 3-5 | |
| 21 | വികസന മേഖലാ അവസ്ഥാ റിപ്പോർട്ട് (പൊതു മരാമത്ത് ) പ്രശ്നങ്ങൾ പരിഹരിക്കുന്നതരത്തിലുള്ള പദ്ധതികൾ ഉയർന്നു വരുന്നില്ല. | 3-7 | |
| 22 | ഗുണഭോക്തൃ സമിതി നിർവഹണം നടത്തുന്ന പദ്ധതികൾ -വർക്കിംഗ് ഗ്രൂപ്പുകളുടെമോണിറ്ററിംഗ് ഫലപ്രദമല്ല. | 3-8 | |
| 23 | റോഡ് പ്രവൃത്തികൾ റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാതെ നിർവഹിക്കുന്നു. | 3-9 | |
| 24 | എസ്റ്റിമേറ്റുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നു. | 3-10 | |
| 25 | തേവൻ കോട് ഇടയ്ക്കാവ് റോഡ് മെറ്റലിംഗ്,ടാറിംഗ് &ഓട നിർമ്മാണം നിയമാനുസൃത പിഴ ഈടാക്കിയില്ല. നഷ്ടം 13938/- | 3-11 | |
| 26 | വി.ഇ.ഒ നിർവഹണം നടത്തിയ പദ്ധതികൾ | 3-12 | |
| | **ഭാഗം-4** | | |
| 27 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 28 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4-2 | |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 30 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 31 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 32 | ഓഡിറ്റ് റിക്കവറി | 4-6 | |
| 33 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 35 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-9 | |

## ഭാഗം 1

## പൊതു അവലോകനം

# 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 31.03.2018 തീയതിയിലെ മൂന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പടെ 41,80,67,798/-രൂപ വരവും 38,72,38,390/- രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്.

1994 ലെ കേ.പ.രാജ്.ആക്ട്.സെക്ഷൻ 175 പ്രകാരം പഞ്ചായത്ത് ഒരു വികസനപദ്ധതി തയ്യാറാക്കി നിശ്ചിതസമയത്തിനുളളിൽ ജില്ലാ ആസൂതണ സമിതിക്ക് സമർപ്പിക്കേണ്ടതും സെക്ഷൻ 214(1) മുതൽ (8) വരെയുള്ള ഉപവകുപ്പുകൾ പ്രകാരം വികസനപദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ്-ചെലവുകളുടെ വിശദമായ എസ്ററിമേററ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15ന് മുൻപ് ബന്ധപ്പെട്ട സ്ററാൻഡിംഗ് കമ്മിറ്റിയും ഉദ്യോഗസ്ഥരും ചേർന്ന് തയ്യാറാക്കി ധനകാര്യ സ്ററാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. സെക്രട്ടറി എല്ലാ നിർവഹണ ഉദ്യോഗസ്ഥരിൽ നിന്നും 2017-18ൽ നടപ്പിലാക്കേണ്ട പദ്ധതികളുടെ പ്ലാൻ–നോൺ പ്ലാൻ ചെലവുകളുടെ നിർദ്ദേശങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് 3.2.2017ലെ എ1-01/2017-ാം നമ്പർ കത്ത് നല്കിയിട്ടുണ്ട്. വാർഡ് മെമ്പർമാരും മെഡിക്കൽ ഓഫീസർ പി.എച്ച്.സി.യും മാത്രം നിർദ്ദേശങ്ങൾ നല്കിയിട്ടുളളൂ. ആരും തന്നെ നിർദ്ദേശങ്ങൾ നിർദ്ദിഷ്ട മാതൃകയിൽ നല്കിയിട്ടില്ല. ധനകാര്യ സ്ററാൻഡിംഗ് കമ്മിറ്റി ഇങ്ങനെ ലഭിക്കുന്ന ആവശ്യങ്ങൾ, നിർദ്ദേശങ്ങളിൽ നിന്നും അടുത്ത വർഷത്തേക്കുളള ബജററ് തയാറാക്കേണ്ടതും മാർച്ച് മാസത്തിലെ ആദ്യ ആഴ്ച പഞ്ചായത്തിൻെറ പ്രത്യേക യോഗത്തിൽ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൻറ 24.3.2017ലെ ധനകാര്യ സ്ററാൻഡിംഗ് കമ്മിറ്റി ഇത്തരത്തിലുളള ബജറ്റല്ല ജനറൽ കമ്മിറ്റിക്ക് സമർപ്പിച്ചത്. 27.3.2017ലെ തീരുമാനം I(1) പ്രകാരം ബജറ്റ് പാസ്സാക്കി. ആയതിനാൽ പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല.

പ്രതീക്ഷിത വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ നികുതി നിർദ്ദേശങ്ങൾ ധനകാര്യ സ്ററാൻഡിംഗ് കമ്മിറ്റിയിൽ വന്നിട്ടില്ല.

# 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 25.04.2018 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

കെ.എസ്.എ.റ്റി.വി.എം. ജി.പി.5/1479/2018 തീയതി 4.9.2018 ആയി പുറപ്പെടുവിച്ചു.

# 1-4 സാമ്പത്തിക നില

| | |
|---|---|
| മുന്നിരിപ്പ് | 2,55,91,000.00 |
| വരവ് | 12,22,23,884.00 |
| ആകെ | 14,78,14,884.00 |

| | |
|---|---|
| ചെലവ് | 13,40,08,474.00 |
| നീക്കിയിരിപ്പ് | 1,38,06,410.00 |

## 1-5 ഫണ്ട് ബാലൻസ്

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വി.ഫ. ജനറൽ | 0 | 32269129 | 32269129 | 32269129 | 0 |
| വി.ഫ. **SCP** | 0 | 7693301 | 7693301 | 7693301 | 0 |
| വി.ഫ. **TSP** | 0 | 800474 | 800474 | 800474 | 0 |
| സം.ഗ്രാ. റോഡ് | 0 | 7724960 | 7724960 | 7724960 | 0 |
| സം.നോൺ.റോഡ് | 0 | 5823000 | 5823000 | 5823000 | 0 |
| **CFC** ഗ്രാന്റ് | 0 | 15233839 | 15233839 | 15233839 | 0 |
| **KLSGDP** ഗ്രാന്റ് | 0 | 4397877 | 4397877 | 4397877 | 0 |
| **SBT Distress Fund** | 21807 | 281527 | 303334 | 93081 | 210253 |
| **B Fund** | 0 | 1346920 | 1346920 | 1346920 | 0 |
| **Try.TSB(*)** | 9941788 | 22319945 | 32261733 | 32829289 | -567556 |
| **SBI Poovachal** | 0 | 30485 | 30485 | 0 | 30485 |
| **MGNREGS** | 59582 | 2775846 | 2835428 | 2821917 | 13511 |
| തനത്ഫണ്ട് **(IOB +SBI Own fund)** | 15320697 (381971 + 14938726) | 21526581 | 36847278 | 22727561 | 14119717 (11272126 + 2847591) |
| കൈയിരിപ്പ് പണം | 247126 | 0 | 247126 | 247126 | 0 |
| ആകെ | **25591000** | **122223884** | **147814884** | **134008474** | **13806410** |

(*) Try.TSB അക്കൗണ്ടിൽ ജനറൽ പർപ്പസ് ഫണ്ട് (15505000/-) കൂടാതെ ചുവടെ ചേർക്കുന്ന വരവുകൾ കൂടി ഉൾപ്പെട്ടിട്ടുണ്ട്

| ഫണ്ട് | തുക |
|---|---|
| Joint Venturue- Block Share(Revenue) | 1792150 |
| Specific purpose -Block Share | 1200000 |
| Joint Venturue- Dist. Pan Share(Revenue& Capital) | 2172150 |
| ICDS | 1090645 |
| Grant from Social welfare(Pakalveedu) | 56000 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 251 | 132846657 | 213 | 90853949 | 7 | 31 | 84% |

## 1-7 ക്ഷേമപദ്ധതികൾ

| ക്രമ നം. | ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 46,36,500.00 |
| 2 | തൊഴിൽ രഹിത വേതനം | 4,06,920.00 |
| 3 | വിധവാ പെൻഷൻ | 2,04,17,400.00 |
| 4 | വികലാംഗ പെൻഷൻ | 77,52,300.00 |
| 5 | വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 9,40,000.00 |
| 6 | വാർദ്ധക്യകാല പെൻഷൻ | 5,13,83,300.00 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.08.2018-ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 41,852/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 11.04.2017 – 05.07.2017 | 01.01.2017 – 31.03.2017 | 31.08.17 |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 16.10.2014 | 2009-10 മുതൽ 2013-14 വരെ | 09.12.2014 |

## 1-10 ആഭ്യന്തര നിയന്ത്രണം

(എ) ഫ്രണ്ട് ഓഫീസ് സംവിധാനം **:**

2017-18 സാമ്പത്തിക വർഷം 1066 തപാലുകൾ ഫ്രണ്ട് ഓഫീസ് വഴി ലഭിച്ചിട്ടുണ്ട്. ലഭിച്ച തപാലുകൾ വിതരണ രജിസ്റ്റർ മുഖേന അതാത് സെക്ഷനുകളിലേയ്ക്ക് കൈമാറി സെക്ഷനുകൾ തൻപതിവേടിൽ ചേർത്ത് സമയബന്ധിതമായി തുടർനടപടി സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവ് പ്രകാരം ഓരോ ജീവനക്കാരനും സെക്ഷനുകളുടെ ചുമതല വിഭജിച്ചു നൽകിയിട്ടുണ്ട്. ഓഫീസ് യോഗങ്ങൾ എല്ലാ മാസവും സെക്രട്ടറി വിളിച്ചു ചേർക്കുന്നുണ്ട്.

(ബി) പദ്ധതി അവലോകനം**.**

ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിവിധ ഗ്രാമസഭ യോഗങ്ങളിൽ ചെയ്യേണ്ടതായ പദ്ധതികളെക്കുറിച്ചുള്ള ചർച്ചയിൽ ഉയർന്നു വന്ന വിഷയങ്ങൾക്ക് വേണ്ടത്ര പ്രാധാന്യം നൽകാതെയാണ് പദ്ധതികൾ ആസൂത്രണം ചെയ്തിരിക്കുന്നത്. കാലകാലങ്ങളിൽ ചെയ്തു വരുന്നതായ സ്ഥിരം പദ്ധതികളല്ലാതെ നൂതനമായ ആശയങ്ങൾ വന്നിട്ടുണ്ടെങ്കിലും ആയതു നടപ്പിലാക്കുവാൻ വേണ്ടത്ര പരിഗണന നൽകിയിട്ടില്ല. കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ മേഖലകൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കൃഷി

നിലവിൽ ഗ്രാമപഞ്ചായത്തിനു 15 ഹെക്ടർ തരിശു ഭൂമിയുണ്ട്. അതിൽ തീറ്റപ്പുൽ കൃഷി നടത്തുവാൻ അഭിപ്രായം വന്നെങ്കിലും ആയതു നടപ്പിലാക്കുവാൻ പ്രോജക്ടുകളൊന്നും കൈക്കൊണ്ടിട്ടില്ല. സ്ഥിരമായി കൃഷി ചെയ്യുന്ന സ്ഥലത്ത് ജലലഭ്യത ലഭ്യമാക്കേണ്ടതാണ്. അതിനായി മഴക്കാലത്ത് മഴവെള്ളം സംഭരിച്ച് കാർഷിക ആവശ്യങ്ങൾക്കായി ടാങ്ക് സബ്സിഡിയിനത്തിൽ നൽകേണ്ടതാണ്. കൃത്യമായി കൃഷിയിൽ ഏർപ്പെടുന്നവർക്ക് പലിശരഹിത വായ്പ അനുവദിക്കേണ്ടതാണ്. കാലവർഷം/വേനൽ കെടുതി എന്നിവയിൽ കൃഷിനാശം സംഭവിക്കുന്നവർക്ക് നാശനഷ്ടം സമയബന്ധിതമായി വിലയിരുത്തുവാനും ആനുകൂല്യം വിതരണം ചെയ്യുവാനുമുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ഉപയോഗശൂന്യമായി കിടക്കുന്ന കുഴൽക്കിണറുകൾ പുനർനിർമ്മിക്കുവാൻ നിർദേശം വന്നിരുന്നു. കുളങ്ങൾ ശുചീകരിച്ച് പൊതു ജനങ്ങൾക്ക് ഉപയോഗപ്രദമാക്കി അവയിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കേണ്ടതാണ്.

മാലിന്യങ്ങൾ ഉറവിടങ്ങളിൽ തന്നെ സംസ്കരിക്കുന്നതിനു ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനു നിർദേശം വന്നിരുന്നു. അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങൾ കർഷകർക്ക് നൽകുകയും ഉൽപ്പന്നങ്ങൾക്ക് മികച്ച വിപണി കണ്ടെത്തുവാൻ കർഷകരെ സാഹയിക്കുകയും ചെയ്യേണ്ടതാണ്. കൃഷി ചെയ്യുന്ന സ്ഥലം കൃഷി ഓഫീസർ സന്ദർശിക്കുകയും അവശ്യം വേണ്ട നിർദേശങ്ങൾ നൽക്കേണ്ടതുമാണ്.

ജനങ്ങളുടെ ഭാഗത്ത് നിന്നു ശുപാർശ വന്നിട്ടുള്ള ചുവടെ ചേർക്കുന്ന പദ്ധതികൾ ഭാവിയിൽ നടപ്പിലാക്കി കാർഷികമേഖലയെ വിപുലീകരിക്കേണ്ടതാണ്.

തരിശുനില കൃഷി, മഴക്കുഴി നിർമ്മാണം, കര കൃഷി, ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ, കുഴൽക്കിണറുകൾ പുനർനിർമ്മിക്കൽ, കാർഷിക ആവശ്യങ്ങൾക്കായി ടാങ്ക് സബ്സിഡിയിനത്തിൽ നൽകൽ , അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങൾ വിതരണം ചെയ്യൽ.

മൃഗസംരക്ഷണം ക്ഷീരവികസനം

30.06 ചതുരശ്ര കിലോമീറ്റർ വിസ്തീർണവും 23 വാർഡുകളുമുള്ള പഞ്ചായത്തിനു ഒരു മൃഗാശുപത്രിയാണ് നിലവിലുള്ളത്. ഗ്രാമസഭായോഗങ്ങളിൽ ഒരു മൃഗാശുപത്രിയുടെയും 2 ഐ.സി.ഡി.പി സെന്ററുകളുടെയും ആവശ്യം ഉയർന്നു വന്നിട്ടുണ്ട്. രാത്രികാലങ്ങളിൽ വളർത്തു മൃഗങ്ങൾക്കുണ്ടാകുന്ന അത്യാവശ്യങ്ങൾക്ക് രാത്രികാല ഡോക്ടറുടെ സേവനവും സൗകര്യവുമുള്ള മൃഗാശുപത്രിയുടെ ആവശ്യവും നിലനിൽക്കുന്നു.

പഞ്ചായത്ത് പുറമ്പോക്ക്, തരിശു ഭൂമി എന്നിവയിൽ തീറ്റപ്പുൽ കൃഷിചെയ്യുക, കന്നുകാലികൾക്ക് സൗജന്യ ചികിത്സ, ശുദ്ധമായ മാംസം ലഭിക്കുന്നതിനു ആധുനിക രീതിയിലുള്ള കശാപ്പ്ശാല നിർമ്മിക്കുക, കാലിത്തീറ്റ സബ്സിഡി, ഗർഭിണി പശുക്കൾക്ക് തീറ്റ നൽകുന്ന പദ്ധതി പുനസ്ഥാപിക്കുക, ക്ഷീരകർഷകർക്ക് സൊസൈറ്റിയ്ക്ക് രൂപം നൽകുക എന്നീ ആവശ്യങ്ങൾ പരിഹരിക്കുന്നതിനു ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

പഞ്ചായത്തിൻറ പ്രധാന വരവിനങ്ങളായ തൊഴിൽ നികുതി, ഡി ആൻറ് ഒ ലൈസൻസ് എന്നിവയിൽ വർദ്ധനവ് ഉണ്ടെങ്കിലും പഞ്ചായത്തിന്റെ അധീനതയിലുള്ള എല്ലാ വ്യവസായസ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാൻറ് ചെയ്തിട്ടില്ല എന്ന് കാണുന്നു.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി.

1994 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം (14) , ചട്ടം (16) പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴോ അറുപത് ദിവസം ജോലി ചെയ്തിട്ടുണ്ടെങ്കിൽ നികുതിയ്ക്ക് വിധേയനാകും പഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന എല്ലാ സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ഡിമാൻറ് ചെയ്തിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

പൂവച്ചൽ പൗൾട്രി ഡവലപ്മെൻറ് സൊസൈററി

മിൽക്ക് സൊസൈററി, ബഥനീപുരം.
ബാംബൂ കോർപ്പറേഷൻ അരുവിക്കോണം
റബ്ബർ ബോർഡ്, ബഥനിപുരം
കേരള സഹകരണസംഘം ,നെടുമൺതട്ട

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടക്കുറവാണ് വ്യക്തമാക്കുന്നത്.

## 2-2 ട്രേഡേഴ്സ് ലിസ്ററ്

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്ക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിനു മുമ്പ് സമർപ്പിക്കേണ്ടതാണ്. പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ പരിഷ്കരിച്ച ട്രേഡേഴ്സ് ലിസ്ററിലെ വ്യവസായ യൂണിറ്റുകളുടെ എണ്ണവും സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന വ്യവസായ യൂണിററുകളുടെ എണ്ണവും തമ്മിൽ അന്തരം നിലനില്ക്കുന്നു. ബജറ്റ് രൂപീകരണവേളയിൽ നിലവിലെ വരുമാന സ്രോതസുകൾ ഉറപ്പാക്കുന്ന പ്രക്രിയയിൽ ധനകാര്യ സ്റ്റാന്റിംങ്ങ് കമ്മിറ്റി ഈ വിഷയം പരിശോധിച്ചതായി മിനിട്സിലോ ബജറ്റ് ഫയലിലോ രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിൽ അനധികൃതമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്നത് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്

## 2-3 ആശുപത്രി മാനേജ്മെൻറ് കമ്മിറ്റി- പ്രവർത്തനം തൃപ്തികരമല്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 173 (എ)വകുപ്പ് പ്രകാരം പഞ്ചായത്തിന് കൈമാറിയ ഓരോ സ്ഥാപനങ്ങൾക്കുവേണ്ടി ചെയർമാൻ ഉൾപ്പെടെ പതിനഞ്ച് അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജ്മെൻറ് കമ്മിറ്റി നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 15.06.2010 ലെ ജി.ഒ.(എം.എസ്)125/2010/എൽ.എസ്.ജി.ഡി.(എസ്.ആർ.ഒ.നമ്പർ 598/10) പ്രസ്തുത ചട്ടങ്ങളിലൂടെ പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് ഘടനയിൽ കാര്യമായ മാറ്റം വരുത്തുന്നതിനും കമ്മിറ്റിയുടെ അധികാരങ്ങളും ചുമതലകളും വിപുലീകരിക്കുന്നതിനും കമ്മിറ്റി രൂപീകരിക്കുന്ന ഫണ്ടിന്റെ സ്രോതസ്സുകളും അതിൻെറ വിനിയോഗവും ഓഡിറ്റ് ചെയ്യുന്നതിനുള്ള ചുമതല കേരള സംസ്ഥാന ഓഡിറ്റിലും നിക്ഷിപ്തമാക്കിയിട്ടുണ്ട്. (പ്രസ്തുത ചട്ടത്തിലെ ചട്ടം 9(1)).

പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പൊതുജനാരോഗ്യസ്ഥാപനങ്ങളിൽ കമ്മിറ്റി കൂടുന്നുണ്ടെങ്കിലും ഫണ്ട് പിരിക്കുന്നില്ല.

ആശുപത്രിയുടെ ചികിത്സാ സൗകര്യങ്ങളും ഭൗതിക സാഹചര്യങ്ങളും മെച്ചപ്പെടുത്തുന്നതിനായി ആശുപത്രി വികസനഫണ്ട് ആരംഭിച്ച് പൊതുജനങ്ങളിൽ നിന്നും സംഭാവനകൾ സ്വീകരിച്ച് ഫണ്ട് വർദ്ധിപ്പിക്കാവുന്നതുമാണ്.

ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ അനിവാര്യമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികൾ

2017-18 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണം നടത്തിയ ലക്ഷ്യം കൈവരിക്കാത്ത പദ്ധതികൾ. വിശദാംശം ചുവടെ ചേർക്കുന്നു

1.ബഡ്സ് സ്കൂൾ നിർമ്മാണം

സമൂഹത്തിലെ മാനസിക വെല്ലുവിളികൾ നേരിടുന്ന 6 വയസ്സിനും 18 വയസ്സിനും ഇടയിലുള്ള കുട്ടികൾക്ക് ബഡ്സ് സ്കൂൾ ആരംഭിക്കുന്നതിനും (GO(MS)No.183/07/തസ്വഭവ 24.07.2007) 18 വയസ്സിനുമേൽ പ്രായമുള്ളവർക്ക് സേവനത്തിന് ഊന്നൽ നൽകുന്ന പകൽ പരിപാലനവും തൊഴിൽ പരിശീലനവും പുനരധിവാസവും നൽകുന്നതിനും വേണ്ടി ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിനും സർക്കാർ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. (സ.ഉ.(കൈ)നം 144/2013/06.04.13)

| | അടങ്കൽ | ചെലവ് |
|---|---|---|
| പ്രോജക്റ്റ് നം227/17 | 1000000/-രൂപ | 940000/-രൂപ |
| പ്രോജക്റ്റ് നം 19/18 | 3760000/- രൂപ | 2563729/-രൂപ |
| പ്രോജക്റ്റ് നം 181/18 | 1217000/- രൂപ | 243400/-രൂപ |

| | | |
|---|---|---|
| ആകെ | | **3747129/-** രൂപ |

2016-17 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ബഡ്സ് സ്കൂളിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായെങ്കിലും ആയതു നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. പഞ്ചായത്ത് പരിധിയിൽ 327 മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികൾ ഉണ്ടായിരിക്കെ പഞ്ചായത്തിന്റെ സാമൂഹിക സുരക്ഷയ്ക്കും ഉന്നമനത്തിനും ഏറ്റവും ആവശ്യമായ ഒരു സ്ഥാപനമാണ്.

വികസന ഫണ്ടും, ലോക ബാങ്ക് ധനസഹായവും, കേന്ദ്രധന സഹായവും സംയോജിപ്പിച്ച് ഹാബിറ്റാറ്റ് നിർമ്മിച്ച കെട്ടിടം അതിമനോഹരവും ബഡ്സ് സ്കൂളിനു അനുയോജ്യവുമാണ്. മേൽ സ്ഥാപനം പ്രവർത്തനക്ഷമമാക്കാത്തതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അടുക്കള സജ്ജീകരണത്തിനുള്ള ഉപകരണങ്ങൾ, ഫർണിച്ചർ, പഠനോപകരണങ്ങൾ, വ്യായാമോപകരണങ്ങൾ എന്നിവയുടെ ലഭ്യതയ്ക്ക് കുടുംബശ്രീ മിഷനിൽ നിന്നു ഫണ്ട് ലഭിച്ചാൽ ഉടനടി പ്രവർത്തനം ആരംഭിക്കുന്നതാണെന്നു അറിയിച്ചിട്ടുണ്ട്.

## 3-2 <u>പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ് – പ്രവർത്തനം ആരംഭിക്കേണ്ടതാണ്.</u>

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 166 വകുപ്പ് (1) ഉപവകുപ്പ് 3-ാം പട്ടികയിൽ മാലിന്യ നിർമ്മാർജ്ജനം ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച് അനിവാര്യ ചുമതലയിൽപെട്ടയിനമാണ്. കേരള പഞ്ചായത്ത് രാജ് ചട്ടപ്രകാരമുള്ള പൊതു സുരക്ഷയും സൗകര്യവും ആരോഗ്യവും ചട്ടം 219 ഡബ്ല്യു(എ) സാധനങ്ങൾ കൊണ്ടു പോകുന്നതിനു വിവിധതരം പ്ലാസ്റ്റിക് സഞ്ചികളും കവറുകളും ഏറ്റവും കുറഞ്ഞ വിലയിൽ വിൽക്കാമെന്നിരിക്കെ, (ബി) പ്രകാരം അവ വിൽക്കുന്നതിനു ലൈസൻസിനോടൊപ്പമുള്ള അപേക്ഷയിൽ രേഖപ്പെടുത്തുകയും ചെയ്യുന്ന സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്ലാസ്റ്റിക് സഞ്ചികളുടെയും കവറുകളുടെയും അളവ് വർദ്ധിക്കുകയാണ് ചെയ്യുന്നത്. ആയതിനാൽ പ്ലാസ്റ്റിക് നിർമ്മാർജ്ജനം ചെയ്യുന്നതിലേയ്ക്കായി പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് നിർമ്മിക്കുന്നതിനു ആരോഗ്യ – വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനമെടുക്കുകയും ആയതിൻ പ്രകാരം കെട്ടിട നിർമ്മാണത്തിനായി (പ്രോജക്ട് നം. 24/17-18) 9,00,000/- രൂപയും ഉപകരണങ്ങൾ വാങ്ങുന്നതിനായി (പ്രോജക്ട് നം. 270/17-18) 9,82,943/- രൂപയും വികസന ഫണ്ടിൽ നിന്നും വകയിരുത്തി പദ്ധതി നിർവഹണത്തിനായി സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു.

എന്നാൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിനായി ഉപകരണങ്ങൾ മാത്രമാണ് വാങ്ങിയിരിക്കുന്നത്. കെട്ടിട നിർമ്മാണം ആരംഭിക്കാതെ ഉപരണങ്ങൾ വാങ്ങിയതു മോണിറ്ററിംഗിന്റെ അഭാവമാണ്. പദ്ധതിയ്ക്ക് വേണ്ടി തുക ചെലവഴിച്ചെങ്കിലും ആയത് ലക്ഷ്യം കൈവരിച്ചിട്ടില്ല.

5.10.2017ലെ സ.ഉ.(സാധാ.)നം. 3214/2017/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുന്നതിലേയ്ക്കായി ഗ്രീൻ പ്രോട്ടോക്കോൾ നിർദ്ദേശം വന്നിരുന്ന സാഹചര്യത്തിൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് അടിയന്തിരമായി പ്രവർത്തിച്ച് അതിന്റെ ലക്ഷ്യം കൈവരിക്കുവാൻ ഭരണ സമിതിയുടെ ഭാഗത്തു നിന്നും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 <u>ടെണ്ടർ വ്യവസ്ഥ സുതാര്യമല്ല.</u>

സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 7.33 പ്രകാരം ആവശ്യമായ സാധനങ്ങളുടെ മുൻഗണന, അത്യാവശ്യം

എന്നിവ കണക്കിലെടുത്ത് എസ്റ്റിമേറ്റ് ചെയ്യുകയും വാങ്ങൽ നടപടിക്രമം ചിട്ടപ്പെടുത്തുകയും, സാമ്പത്തിക വർഷത്തിന്റെ അവസാനം ധൃതി പിടിച്ചുള്ള വാങ്ങൽ ഒഴിവാക്കേണ്ടതുമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. വാങ്ങേണ്ട സാധനങ്ങളെ വർഗ്ഗീകരിച്ച് പ്രത്യേകം പ്രത്യേകം ടെണ്ടർ ചെയ്യേണ്ടതാണ്. മത്സരാധിഷ്ഠിത വിലകൾ ലഭിക്കുന്ന തരത്തിൽ ഒരേ സാധനങ്ങളും/ഒരേ തരത്തിൽപ്പെട്ടവയും ഒന്നിച്ച് ചേർത്ത് ബൾക്ക് സപ്ലൈ ചെയ്യുന്നതിനായി ടെണ്ടർ ക്ഷണിക്കണം. ഒരേ തരത്തിൽപ്പെട്ട സാധനങ്ങൾ ഒരു സാമ്പത്തിക വർഷം വാങ്ങുന്നതിനു ഒന്നിലധികം തവണ ടെണ്ടർ ക്ഷണിക്കുകയും ചെയ്യരുത് എന്ന നിർദ്ദേശം പാലിക്കപ്പെട്ടില്ല. മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ 2017-18 സാമ്പത്തിക വർഷം സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി പഞ്ചായത്ത് കമ്മിറ്റി ഹാളിനു ഫർണ്ണിച്ചർ വാങ്ങൽ പദ്ധതി നിർവഹണം നടത്തി പ്രസ്തുത പ്രോജക്ടിൽ രണ്ടു സ്ഥാപനങ്ങൾ മാത്രമാണ് ടെണ്ടറുകൾ സമർപ്പിച്ചത്. വിശദാംശം ചുവടെ ചേർക്കുന്നു.

1) ശ്രീ. രാജശേഖരൻ നായർ. , എസ്.കെ. ഏജൻസി, മാറനല്ലൂർ, കൂവളശ്ശേരി. പി.ഒ. ക്വാട്ട് ചെയ്ത തുക 4,45,500/- രൂപ

2) ശ്രീമതി ശ്രീകുമാരി , എസ്. കെ. ഫർണീച്ചർ ഗ്യാലറി, മാറനല്ലൂർ, കൂവളശ്ശേരി. (പി.ഒ.) ക്വാട്ട് ചെയ്ത തുക 4,44,000/- രൂപ

കുറഞ്ഞ തുക ക്വാട്ട് ചെയ്തിരിക്കുന്ന ശ്രീമതി ശ്രീകുമാരി എസ്.കെ. ഫർണീച്ചർ ഗ്യാലറി എന്നയാൾക്ക് തുക നൽകുന്നതിനു പകരം ശ്രീ. രാജശേഖരൻ നായർ, ശ്രീമതി ശ്രീകുമാരി എന്നിവരുടെ സംയുക്ത അക്കൗണ്ടിലേയ്ക്കാണ് തുക നൽകിയിരിക്കുന്നത്. ഇതിൽ നിന്നും ടിയാളുകൾ രണ്ടു വ്യത്യസ്ഥ സ്ഥാപനങ്ങൾ എന്ന രീതിയിൽ പഞ്ചായത്തിനെ തെറ്റിദ്ധരിപ്പിച്ചാണ് ടെണ്ടറിൽ പങ്കെടുത്തിട്ടുള്ളത്. ടെണ്ടർ തുറക്കുന്ന വേളയിൽ അപാകത കണ്ടെത്താമായിരുന്നിട്ടും ആയത് പരിഗണിക്കാതെ ടെണ്ടർ അംഗീകരിച്ചത് ടെണ്ടർ വ്യവസ്ഥ സുതാര്യമല്ലെന്ന് വ്യക്തമാണ്.

## 3-4 വീട്ടിലൊരു ഗ്രന്ഥപ്പുര- രേഖകൾ സൂക്ഷിച്ചിട്ടില്ല

പ്രോജക്ട് നം. - 113/18(വീട്ടിലൊരു ഗ്രന്ഥപ്പുര)

അടങ്കൽ - 3,00,000/- (തനത് ഫണ്ട്)

ചെലവ് - 3,00,000/-

നിർവ്വഹണം – ഹെഡ്മാസ്റ്റർ.

കുട്ടികളുടെ വായനാശീലം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ സർക്കാർ/എയ്ഡഡ് സ്കൂൾ കുട്ടികൾക്ക് പുസ്തകങ്ങൾ ലഭ്യമാക്കുന്നതിലേക്കാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതിലേക്കായി പുസ്തകങ്ങൾ കുട്ടികൾ നേരിട്ട് തെരഞ്ഞെടുക്കുകയെന്നതാണ് ആശയം. എന്നാൽ ബന്ധപ്പെട്ട പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കേരള സ്റ്റേറ്റ് ബുക്ക് മാർക്കിൽ നിന്നും 1,17,200/- രൂപയ്ക്കും, കേരള ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും 2,32,235/- രൂപയ്ക്കും, കേരള ശാസ്ത്രസാഹിത്യ പരിഷത്തിൽ നിന്നും 1,68,985/- രൂപയ്ക്കും ബുക്ക് വാങ്ങിയതിന്റെ രേഖകൾ മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. പ്രോജക്ട് നടപ്പാക്കാൻ പരിഗണിച്ച സ്കൂളുകളുടെ വിശദാംശം, ഗുണഭോക്താക്കളുടെ വിശദാംശം, ഓരോ കുട്ടിക്കും ലഭിച്ച ബുക്കിന്റെ വിവരം, ഓരോ കുട്ടിക്കുമായി ചെലവഴിച്ച പഞ്ചായത്ത് വിഹിതം എന്നിവ

ഉൾപ്പെടുത്തിയിട്ടില്ല. രേഖകൾ സൂക്ഷിക്കുന്നതിൽ നിർവ്വഹണോദ്യോഗസ്ഥ ജാഗ്രത പുലർത്തിയിട്ടില്ല. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 14) 13 സ്കൂളുകളിലെ കുട്ടികളിൽ നിന്നും ഉപഭോക്തൃവിഹിതമായ 175/- രൂപ അടയ്ക്കുന്ന കുട്ടികൾക്ക് 350/- രൂപ പഞ്ചായത്ത് വിഹിതം എന്ന കണക്കിന് 870 കുട്ടികൾക്കാണ് ആനുകൂല്യം നൽകിയതെന്നും, കുട്ടികളുടെ വിശദാംശം ലഭ്യമാക്കാമെന്നുമുള്ള മറുപടിയാണ് നൽകിയിട്ടുള്ളത്. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-5 മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹിച്ച പ്രോജക്ടുകൾ - അപാകത സംബന്ധിച്ച്

2017-18 വർഷം മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) നിർവ്വഹിച്ച പ്രോജക്ട് ഫയലുകൾ കൃത്യതയോടെ പരിപാലിച്ചിട്ടില്ല. പ്രോജക്ടുകളിൽ വ്യക്തമായ പ്രവർത്തന വിവരങ്ങൾ ഉൾപ്പെടുത്തി നടപ്പാക്കാത്തത് നിർവ്വഹണോദ്യോഗസ്ഥന്റെ വീഴ്ചയായി വിലയിരുത്തുന്നു. ഇക്കാര്യങ്ങൾ വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് ചെയ്തിട്ടില്ല. മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)യുടെ പ്രോജക്ടുകളുമായി ബന്ധപ്പെട്ട മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

**a.** പാലിയേറ്റീവ് കെയർ– രേഖകൾ അപൂർണ്ണം**- 11,69,729/-** രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. - 151/18 (പാലിയേറ്റീവ് കെയർ)

അടങ്കൽ - 13,00,000/- (വികസനഫണ്ട് (ജനറൽ))

ചെലവ് - 11,69,729/-

ബിൽ നം. 1 /17.08.2017 - 112880/-
4/28.09.2017 - 48872/-
7/31.10.2017 - 40531/-
8/31.10.2017 - 557402
9/20.11.2017 - 269661/-
12/20.12.2017 - 60748/-
13/29.01.2018 - 51635/-
16/16.02.2018 - 28000/-

2017-18 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയ പാലിയേറ്റീവ് കെയർ പ്രോജക്ടുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഫയലിൽ ചെലവുരേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല. തൻവർഷ ചെലവ് രേഖകളോടൊപ്പം 2016-17 ലെ ബില്ലുകളും ഉൾപ്പെടുത്തിയിരിക്കുന്നു.
2. മരുന്ന് വാങ്ങുന്നതിലേക്കായി 2,53,009/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട യാതൊരു രേഖയും (ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുമുള്ള നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ്, പ്രോഫോർമ ഇൻവോയിസ്, ബില്ല് മുതലായവ) സൂക്ഷിച്ചിട്ടില്ല
3. ഹോം വിസിറ്റ് നടത്തിയ ദിവസങ്ങളിലെ ഹോം കെയർ റിപ്പോർട്ട് ബുക്ക് പാലിയേറ്റീവ് കെയർ നഴ്സ് മെഡിക്കൽ ഓഫീസർക്ക് സമർപ്പിച്ച് ഒപ്പുവാങ്ങിയിട്ടില്ല.

4. പാലിയേറ്റീവ് ഹോം വിസിറ്റിന് ഡി.എം.ഒ-യിൽ നിന്നും ലഭിച്ച വാഹനം 13.06.2017-ൽ മെഡിക്കൽ ഓഫീസർക്ക് നൽകി എച്ച്.എം.സിയ്ക്ക് കൈമാറിയിട്ടുണ്ട്. പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ (ജി.ഒ(ആർ.ടി) 3217/2015 ത.സ്വ.ഭ.വ തീയതി.29.10.2016) ഖ.2.6.5 -ൽ പാലിയേറ്റീവ് കെയർ ഗൃഹ സന്ദർശനത്തിന് വാഹനം ഓടിയതിന് ഡ്രൈവർക്കുള്ള ദിവസവേതനം, ഇന്ധനച്ചെലവ് എന്നിവ പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്ന് എച്ച്.എം.സി. യുടെ അക്കൌണ്ടിലേക്ക് നൽകേണ്ടതും ആയതിന് എച്ച്.എം.സി യുടെ രസീത് പാലിയേറ്റീവ് കെയർ പ്രോജക്ട് ചെലവ് രേഖകളോടൊപ്പം സൂക്ഷിക്കേണ്ടതുമാണെന്ന് വ്യക്തമാക്കുന്നു. എന്നാൽ പൂവച്ചൽ ഗ്രാമപഞ്ചായത്തിൽ പാലിയേറ്റീവ് വാഹനത്തിന്റെ താൽക്കാലിക ഡ്രൈവറുടെ വേതനം, ഇന്ധന ചെലവ് എന്നിവ പാലിയേറ്റീവ് ഫണ്ടിൽ നിന്ന് നേരിട്ടാണ് നൽകിയിരിക്കുന്നത്.
5. വാഹനത്തിന്റെ മെയിന്റനൻസിനായി 4,500/- രൂപ പാലിയേറ്റീവ് ഫണ്ടിൽ നിന്നും ചെലവഴിച്ചിരിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് വാഹനം ലഭിച്ചപ്പോൾ തേർഡ് പാർട്ടി ഇൻഷ്വറൻസ് മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്നും ഇപ്പോൾ ഫുൾ ഇൻഷ്വറൻസ് എടുത്തിട്ടുണ്ടെന്നുമുള്ള മറുപടിയാണ് നൽകിയിട്ടുള്ളത്

കൃത്യമായ ചെലവ് രേഖകൾ ലഭ്യമാക്കാത്തതിനാൽ 11,69,729/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**b.** <u>ക്യാൻസർ നിർണ്ണയ മെഡിക്കൽ ക്യാമ്പ്- പ്രവർത്തനങ്ങൾക്ക് വ്യക്തതയില്ല **- 142105/-** രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു</u>

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ തിരുവനന്തപുരം ആർ.സി.സി യുടെ നേതൃത്വത്തിൽ ക്യാൻസർ നിർണ്ണയ ക്യാമ്പ് നടത്തി ക്യാൻസർ രോഗികളെ കണ്ടെത്തി തുടർചികിത്സയ്ക്ക് റഫർ ചെയ്യുക എന്ന ലക്ഷ്യത്തോടെ രണ്ട് പ്രോജക്ടുകൾ (ഒന്ന് സ്പിൽ ഓവർ) പ്രകാരം 2017-18 സാമ്പത്തികവർഷം 1,42,105/- രൂപ ചെലവഴിച്ച് നടപ്പാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം.,<br>പ്രോജക്ടിന്റെ പേര് | അടങ്കൽ/ ചെലവ് |
|---|---|
| 37/18(മെഡിക്കൽ ക്യാമ്പ് (ആർ.സി.സി))(സ്പിൽ ഓവർ) | അടങ്കൽ-50000/-(തനത് ഫണ്ട്)<br>ചെലവ് - 42105/- |
| 192/18(മെഡിക്കൽ ക്യാമ്പ് (ആർ.സി.സി)) (സ്പിൽ ഓവർ) | അടങ്കൽ-100000/-(വികസനഫണ്ട്)<br>ചെലവ് - 100000/- |

ആർ.സി.സി-യക്ക് നൽകിയ ലാബ് പരിശോധന ചാർജ്ജ്, നോട്ടീസ്, ബാനർ, ഹോണറേറിയം, ഭക്ഷണം എന്നിവയ്ക്കാണ് തുക ചെലവഴിച്ചിരിക്കുന്നത്. ക്യാൻസർ നിർണ്ണയ ക്യാമ്പ് നടത്തിയ തീയതി, പങ്കെടുത്തവരുടെ വിശദാംശം എന്നിവ ഫയലിൽ ലഭ്യമല്ല. ഇതുമായി തയ്യാറാക്കിയ നോട്ടീസ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഹോണറേറിയം കൈപ്പറ്റിയതിന്റെ രസീത് സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഇത് ആർക്കാണ് നൽകിയതെന്ന് വ്യക്തമല്ല. തുക കൈപ്പറ്റിയ വ്യക്തിയുടെ പേര് മാത്രമാണ് കൈപ്പറ്റ് രേഖയിലുള്ളത്. വ്യക്തമായ ചെലവ് വിവരങ്ങൾ ഹാജരാക്കുന്നതിലേക്കായി 1,42,105/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**c.** <u>ഡയാലിസിസ് യൂണിറ്റ് നിർമ്മാണം തുടങ്ങിയിട്ടില്ല**- 47,00,000/-**രൂപ തടസ്സപ്പെടുത്തുന്നു</u>

പ്രോജക്റ്റ് നം. - 252/18 (ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കൽ)

അടങ്കൽ - 47,00,000/-

ചെലവ് - 47,00,000/-

(വികസനഫണ്ട്- 2358940/-, തനത്ഫണ്ട്- 2358940/-)

വീരണകാവ് പി.എച്ച്.സി-യിൽ ഡയാലിസിസ് യൂണിറ്റ് നിർമ്മിക്കുന്നതിലേക്കായാണ് പ്രോജക്റ്റ് വിഭാവനം ചെയ്തിട്ടുള്ളത്. യൂണിറ്റിന്റെ നിർമ്മാണ ചുമതല കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനാണ് നൽകിയിട്ടുള്ളത്. ഇതനുസരിച്ച് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ 95,63,632/- രൂപയുടെ എസ്റ്റിമേറ്റ് (എക്യുപ്മെന്റ്- 30,64,515, സിവിൽ വർക്ക്- 64,99,117) തയ്യാറാക്കി പഞ്ചായത്തിന് നൽകുകയുണ്ടായി (19.12.17 ലെ KMSCL/EP/1002/17 നമ്പർ കത്ത്). തൻവർഷം മേൽ പ്രോജക്റ്റ് പ്രകാരം 47,00,000/- രൂപ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീത് ലഭിച്ചിട്ടില്ല. യൂണിറ്റ് നിർമ്മാണം കോർപ്പറേഷൻ നാളിതുവരെ ആരംഭിച്ചിട്ടില്ല. ഇതിലേക്കായി നിർമ്മാണ സ്ഥാപനവുമായി കരാറിലേർപ്പെട്ടതിന്റെ വിശദാംശവും സൂക്ഷിച്ചിട്ടില്ല.

അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി(നം.18) നൽകിയതിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനുമായുള്ള കരാറിന്റെ പകർപ്പ് (ഒറിജിനൽ ഫയലിൽ ലഭ്യമല്ല) നിർവ്വഹണോദ്യോഗസ്ഥൻ ഹാജരാക്കുകയുണ്ടായി. ഇതിൽ കരാർ തീയതി വ്യക്തമല്ല. അനുബന്ധരേഖകൾ ഹാജരാക്കുന്നതിലേക്കും, ഡയാലിസിസ് യൂണിറ്റ് നിർമ്മാണം പൂർത്തീകരിച്ച് വിവരം ലഭ്യമാക്കുന്നതിലേക്കുമായി ചെലവ് തുക (47,00,000/- രൂപ) തടസ്സപ്പെടുത്തുന്നു.

## **3-6** പകൽവീട് പരിപാലനം- തുക ചെലവഴിക്കാതെ വിനിയോഗസാക്ഷ്യപത്രം നൽകി

പ്രോജക്റ്റ് നമ്പർ - 85/18 (വയോജന സൗഹൃദ പഞ്ചായത്തും, പകൽവീട് പ്രവർത്തനങ്ങളും)

അടങ്കൽ - 2,51,100/- (വികസനഫണ്ട് ജനറൽ)

ചെലവ് - 1,74,796/- (വികസനഫണ്ട് ജനറൽ) + 76,304/- (സംസ്ഥാന വിഹിതം)

പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ കാപ്പിക്കാട് വാർഡിലെ പ്രിയദർശിനി ഗ്രന്ഥശാലയിലും, കാട്ടാക്കട മാർക്കറ്റ് വാർഡിലെ കൊക്കറുണി ആഗ്രോക്ലിനിക്കിലും പകൽവീട് ആരംഭിച്ച്, ദൈനംദിന പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് പ്രോജക്റ്റ് പ്രകാരം തുക ചെലവഴിച്ചിട്ടുള്ളത്. ഇതിലേക്കായി വികസന ഫണ്ടിനത്തിലാണ് തുക വകയിരുത്തിയിരുന്നത്. എന്നാൽ വികസന ഫണ്ടിനത്തിൽ 1,74,796/- രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ബാക്കി 76,304/- രൂപ ചെക്ക് നം. 2371429/28.03.2018 പ്രകാരമാണ് നിർവ്വഹണോദ്യോഗസ്ഥയ്ക്ക് നൽകിയിട്ടുള്ളത്. ഇത് എക്സ്പൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടുമില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9) മേൽപ്പറഞ്ഞ 76,304/- രൂപ സാമൂഹ്യനീതി വകുപ്പിൽ നിന്ന് സായംപ്രഭാ പദ്ധതി പ്രകാരം ലഭിച്ച തുകയാണെന്നാണ് മറുപടി നൽകിയിട്ടുള്ളത്.

2017-18 വർഷം ഗ്രാമപഞ്ചായത്തിൻറ കീഴിലുള്ള മേൽ സൂചിപ്പിച്ച രണ്ട് പകൽവീടുകളിലെ പരിപാലനത്തിലേക്കായി (സായംപ്രഭാപദ്ധതി) 5,60,000/-രൂപ സാമൂഹ്യനീതി വകുപ്പിൽ നിന്നും സംസ്ഥാന വിഹിതം ലഭിച്ചിട്ടുണ്ട് (സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 20.02.18-ലെ G4/12620/17(1) നം. നടപടിക്രമങ്ങൾ).

എന്നാൽ 2017-18 വാർഷിക ധനകാര്യപത്രിക ബി-4 ഷെഡ്യൂൾ പ്രകാരം ഇതിൽ നിന്നും തൻവർഷം തുകയൊന്നും ചെലവഴിച്ചിട്ടില്ല. സാമൂഹ്യനീതി ഡയറക്ടർക്ക് നൽകിയ വിനിയോഗ സാക്ഷ്യപത്രത്തിൽ (03.07.2018ലെ A3-156/18 നം. കത്ത്) 4,04,852/- രൂപ ചെലവാക്കിയെന്നുള്ള തെറ്റായ വിവരമാണ് പഞ്ചായത്ത് നൽകിയിരിക്കുന്നത്. പകൽവീട് പരിപാലനത്തിന് ഈ തുക 2018-19 സാമ്പത്തികവർഷം വകയിരുത്തിയിട്ടുമില്ല (ഓഡിറ്റ് തീയതിയിൽ ലഭ്യമാക്കിയ 2018-19 സാമ്പത്തിക വർഷത്തെ എക്സ്പൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം). ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 76,304/- രൂപ ചെലവാക്കിയെന്നും ബാക്കി 4,83,696/- രൂപ ഉണ്ടെന്നുമുള്ള മറുപടിയാണ് നൽകിയിട്ടുള്ളത്. ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് തെറ്റായ വിനിയോഗസാക്ഷ്യപത്രം നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്.

സായംപ്രഭാപദ്ധതി പ്രകാരം ലഭ്യമായ തുക പദ്ധതിയിൽ നിഷ്കർഷിക്കും പ്രകാരം പകൽവീട് പരിപാലനത്തിനായി ചെലവഴിക്കുകയോ അല്ലായെങ്കിൽ സർക്കാരിൽ തിരിച്ചടയ്ക്കുകയോ ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-7 വികസന മേഖലാ അവസ്ഥാ റിപ്പോർട്ട് (പൊതു മരാമത്ത് ) പ്രശ്നങ്ങൾ പരിഹരിക്കുന്ന തരത്തിലുള്ള പദ്ധതികൾ ഉയർന്നു വരുന്നില്ല.

പൊതു മരാമത്ത് വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിക്കുന്ന അവസ്ഥാ റിപ്പോർട്ടിൽ ഗ്രാമ പഞ്ചായത്തിന്റെ കീഴിൽ വരുന്ന വിദ്യാഭ്യാസസ്ഥാപനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെപ്പറ്റി ഊന്നി പറയുന്നുണ്ട്. എന്നാൽ ആയത് പരിഹരിക്കാൻ ഉതകുന്ന തരത്തിലുള്ള പദ്ധതികൾ 2017-18 ൽ രൂപീകരിച്ചിട്ടില്ല.

അവസ്ഥാ റിപ്പോർട്ടിൽ പരാമർശിക്കുന്ന പ്രശ്നങ്ങൾ

| സ്ഥാപനത്തിന്റെ പേര് | അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ | | |
|---|---|---|---|
| | ചുറ്റ മതിൽ | കുടിവെള്ളത്തിന്റെ ലഭ്യത | മാലിന്യ സംസ്കരണ സംവിധാനം |
| ഗവ.യു.പി.എസ്.പൂവച്ചൽ | ഭാഗീകം ആവശ്യമാണ് | ഇല്ല | ഇല്ല |
| ഗവ.എൽ.പി.എസ് കുഴയ്ക്കാട് | ഇല്ല | ഇല്ല | ഇല്ല |
| ഗവ.എൽ.പി.എസ് പന്നിയോട് | ഭാഗീകം ആവശ്യമാണ് | ഭാഗീകം | ഇല്ല |
| ഗവ.എൽ.പി.എസ് നെടുമൺ തറട്ട | ഇല്ല | ഭാഗീകം | ഇല്ല |
| ഗവ.എൽ.പി.എസ് തോട്ടമ്പറ | ഇല്ല | ഭാഗീകം | ഇല്ല |
| ഗവ.എൽ.പി.എസ് കാട്ടാക്കട | ഇല്ല | ഭാഗീകം | ഇല്ല |
| ഗവ.എൽ.പി.എസ് കൊണ്ണിയൂർ | ഇല്ല | ഭാഗീകം | ഇല്ല |

മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം നിലവിൻ ഒരു സ്കൂളിലും ഇല്ലാത്ത അവസ്ഥയാണ്. ചുറ്റമതിന്റെ ആഭാവവും കുടിവെള്ളത്തിന്റെ ലഭ്യതക്കുറവും സ്കൂളുകൾ നേരിടുന്ന യഥാർത്ഥ വെല്ലുവിളികളാണ്. ഈ മേഖലകളിൽ വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പഞ്ചായത്ത് സമിതിയുടെയും ശ്രദ്ധ പതിയേണ്ടതാണ്.

## 3-8 ഗുണഭോക്തൃ സമിതി നിർവഹണം നടത്തുന്ന പദ്ധതികൾ -വർക്കിംഗ് ഗ്രൂപ്പുകളുടെ മോണിറ്ററിംഗ് ഫലപ്രദമല്ല.

ജി.ഒ.(എം.എസ്)10/2017 തീയതി 09.01.2017 ൽ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതി രൂപീകരണത്തിലും നിർവഹണത്തിലും മോണിറ്ററിംഗിലും വർക്കിംഗ് ഗ്രൂപ്പുകൾ വഹിക്കേണ്ട ചുമതലകളെപ്പറ്റി വിശദീകരിക്കുന്നുണ്ട്. സർക്കുലർ നം1/1559/2010/സി.ഇ/ത.സ്വ.ഭ.വ/തീയതി 13.11.2014 പ്രകാരം ഗുണഭോക്തൃ സമിതിനിർവഹണം നടത്തുന്ന പദ്ധതികൾക്ക് നല്കേണ്ട തുക സമിതിക്ക് യഥാർത്ഥത്തിൽ ചെലവായ തുകയോ കരാർ പ്രകാരമുള്ള ബിൽ തുകയോ ഇതിൽ ഏതാണോ കുറവ് അതായിരിക്കും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃ സമിതി നിർവഹണം നടത്തിയ ചുവടെ പറയുന്ന മരാമത്ത് പദ്ധതികൾക്ക് സമിതി ലഭ്യമാക്കിയ ചെലവ് രേഖകൾ മേൽ നിർദ്ദേശം സാധൂകരിക്കുന്നില്ല.

| പദ്ധതിയുടെ പേര് | എം.ബുക്ക് പ്രകാരം അനുവദിച്ച തുക | സമിതി ഹാജരാക്കിയ ബില്ലുകൾ,വൗച്ചറുകൾ, മസ്റ്റർ റോൾ എന്നിവ പ്രകാരമുള്ള ചെലവ് |
|---|---|---|
| കുഴലാർ നഴ്സറി സ്കൂൾ മേൽക്കൂര മാറ്റൽ (പദ്ധതി നം 52/18) | 99,971/- | 92,001/- |
| ഗവ.എൽ.പി.എസ്. നെട്ടമൺതറട്ട നവീകരണം (പദ്ധതി നം 204/18) | 6,16,516/- | 5,91,450/- |
| ഗവ.എൽ.പി.എസ്. തോട്ടമ്പാറ നവീകരണം (പദ്ധതി നം /18) | 4,17,564/- | 4,04,930/- |

മേൽ സൂചിപ്പിച്ച അപാകതകൾ ഓഡിറ്റ് എൻക്വയറി നം 6/14.08.2018 പ്രകാരം നിർവഹണ ഉദ്യോഗസ്ഥനെ ബോധ്യപ്പെടുത്തിയപ്പോൾ എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയേക്കാൾ അധികം തുക ഗുണഭോക്തൃ സമിതിക്ക് ചെലവായി എന്ന മറുപടിയാണ് ലഭ്യമാക്കിയത്.എന്നാൽ ഗുണഭോക്തൃ സമിതി ലഭ്യമാക്കിയ ചെലവ് രേഖകൾ നിർവഹണ ഉദ്യോഗസ്ഥന്റെ മറുപടിക്ക് വിരുദ്ധമാണ്. വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തര ശ്രദ്ധ ഈ വിഷയത്തിൽ പതിയേണ്ടതാണ്.

## 3-9 റോഡ് പ്രവൃത്തികൾ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെ നിർവഹിക്കുന്നു.

അസി.എഞ്ചിനീയർ നിർവഹണം നടത്തിയ 101 പദ്ധതികളിൽ 51 പദ്ധതികളും റോഡ് പ്രവൃത്തികളാണ്. എന്നാൽ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെയാണ് ടാറിംഗ്, കോൺക്രീറ്റിംഗ് എന്നീ പ്രവൃത്തികൾ ഏറ്റെടുത്തിരിക്കുന്നത്. 14.01.2017ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് (പൊതുമരാമത്ത്, ഊർജ്ജം, വൈദ്യുതി) യോഗത്തിൽ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാനും ഒരു റോഡുമായി ബന്ധപ്പെട്ട എല്ലാ പ്രവൃത്തികളും പൂർണ്ണമായി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുവാനും തീരുമാനിച്ചിരുന്നു. മേൽ തീരുമാനം നാളിതുവരെയും നടപ്പിലാക്കിയിട്ടില്ല. തീരുമാനം നടപ്പിലാക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിയിലൂടെ (നം.3 തീയതി 18.8.2018) വിശദീകരണം ആവശ്യപ്പെട്ടിരുന്നു. ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും റോഡ് വികസനം റോഡ് കണക്ടിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിൽ നിർവഹിക്കേണ്ടതുമാണ്.

## 3-10 എസ്റ്റിമേറ്റുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നു.

തൻവർഷം അംഗീകാരം ലഭിച്ച പ്രവൃത്തികളിൽ 60% ൽ അധികം പ്രവൃത്തികളും റിവൈസ് ചെയ്തതായി കാണുന്നു. സൈറ്റ് കണ്ടീഷൻ മനസിലാക്കാതെയും ആവശ്യകത നിർണ്ണയിക്കാതെയുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് എന്ന് ഇത് സൂചിപ്പിക്കുന്നു. തൻമൂലം മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി തയ്യാറാക്കിയ എസ്റ്റിമേറ്റുകളിൽ പോലും വ്യാപകമായ വ്യതിയാനം വരുത്തേണ്ടി വരുന്നു.

ചില ഇനം പ്രവൃത്തികൾ ഒഴിവാക്കപ്പെടുകയും ആദ്യ എസ്റ്റിമേറ്റിൽ ഇല്ലാത്ത ഇനങ്ങൾ ഉൾപ്പെടുത്തുകയും ചെയ്യുന്നതിലൂടെ item rate contract പ്രകാരം പ്രവൃത്തി ഏറ്റെടുത്ത കരാറുകാർക്ക് ലാഭം ഉണ്ടാക്കുവാൻ ഇത് വഴി തെളിക്കുന്നു. ശരിയായ ആവശ്യകത നിർണ്ണയിക്കാതെയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കൽ GO(P)13/2012pwd dt.01.02.2012 പ്രകാരമുള്ള 2012 ലെ റിവൈസ്ഡ് പി.ഡബ്ല്യു.ഡി മാന്വലിലെ നിർദ്ദേശങ്ങൾക്ക് എതിരാണ്.

## 3-11 തേവൻ കോട് ഇടയ്ക്കാവ് റോഡ് മെറ്റലിംഗ്,ടാറിംഗ് &ഓട നിർമ്മാണം നിയമാനുസൃത പിഴ ഈടാക്കിയില്ല. നഷ്ടം 13938/-

അടങ്കൽ -800000/-
ചെലവ് -659224/-
PAC -696905/-
ബിൽ നം -75/17-18 dt 25/02/18
എം ബുക്ക് നം -435/17-18
കരാറുകാരൻ -വിജയകുമാർ

മേൽ സൂചിപ്പിച്ച പ്രവൃത്തിക്ക് കരാറുകാരന് 08.09.2017 ൽ സെലക്ഷൻ നോട്ടീസ് അയച്ചിട്ടുണ്ട്. എന്നാൽ ടിയാൻ 25.09.2017ൽ മാത്രമാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. കേരളാ പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് അയച്ച് 14 ദിവസത്തിനകം കരാറുകാരൻ തദ്ദേശ സ്ഥാപനവുമായി കരാർ ചമയ്ക്കേണ്ടതാണ്. 14 ദിവസത്തിനു ശേഷം 10 ദിവസത്തിനകം കരാർ ചമയ്ച്ചാൽ PAC യുടെ 1% പിഴ ഈടാക്കണം. എന്നാൽ ഇവിടെ പിഴ ഈടാക്കിയതായി കാണുന്നില്ല. ആയതിനാൽ 6,969/-രൂപാ ഈയിനത്തിൽ വരവ് നഷ്ടം സംഭവിച്ചിട്ടുണ്ട്.

25.09.2017 ൽ കരാർ ചമയ്ച്ചിരിക്കുന്ന ടി പ്രവൃത്തി 24.01.2018 ൽ പൂർത്തീകരിക്കേണ്ടതായിരുന്നു.(പ്രവൃത്തി കലണ്ടർ പ്രകാരം 4 മാസം). എന്നാൽ 14.02.2018ൽ മാത്രമാണ് പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത്. പ്രവൃത്തിയുടെ പൂർത്തീകരണ സമയം ദീർഘിപ്പിച്ച് കിട്ടാൻ കരാറുകാരൻ രേഖാമൂലം അപേക്ഷിച്ചിട്ടുമില്ല. പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം വരുത്തിയതിന് ഈടാക്കേണ്ടിയിരുന്ന പിഴ (കേരളാ പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2112-1 പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിന് ആദ്യ തവണ PACയുടെ 1% പിഴ) ഈടാക്കിയിട്ടുമില്ല. ആയതിനാൽ 6,969/-രൂപാ ഈയിനത്തിൽ വരവ് നഷ്ടം സംഭവിച്ചിട്ടുണ്ട്.

മേൽ പരാമർശങ്ങൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടി തൃപ്തികരമല്ല. ആയതിനാൽ നഷ്ട തുകയായ 13,938/- (6969+6969) കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-12 വി.ഇ.ഒ നിർവഹണം നടത്തിയ പദ്ധതികൾ

1.ഒരു ഗുണഭേക്താവിനു വേണ്ടി മാത്രം പദ്ധതി നടപ്പിലാക്കിയിരിക്കുന്നു.

പ്രോജക്ട് നം : 247/18,വനിതകൾക്ക് ഓട്ടോറിക്ഷാ നൽകൽ
ഫണ്ടിനം : വികസന ഫണ്ട് (ജനറൽ)

അടങ്കൽ : 3,60,000/-

ചെലവ് : 40,000/-

വനിതകളുടെ ജീവിതനിലവാരം ഉയർത്തുന്നതിലേയ്ക്കായി 2016-17 സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്ത പദ്ധതിയാണിത്. 2016-17 ൽ ഒരു ഗുണഭേക്താവ് മാത്രമാണ് ഉണ്ടായിരുന്നത്. മേൽ പദ്ധതി സ്പിൽ ഓവറായി 2017-18ൽ ചെയ്തപ്പോഴും ഒരാൾ മാത്രമാണ് ഗുണഭേക്താവായി ഉണ്ടായിരുന്നത്. 2016-17 സാമ്പത്തിക വർഷത്തിൽ പദ്ധതി തയ്യാറാക്കിയ വേളയിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്ന ഗ്രാമസഭയിൽ ടി പദ്ധതി എപ്രകാരമാണ് നടത്തുന്നത് എന്നതിനെക്കുറിച്ച് (വായ്പ ബന്ധിത സബ്സിഡിയായി) വ്യക്തമായ ധാരണ ഗുണഭോക്താക്കൾക്ക് ഉണ്ടാവുകയും ഒരാൾ മാത്രം ആനുകൂല്യം കൈപ്പറ്റിയ സ്ഥിതി വിശേഷം ഉടലെടുത്തത്. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് വേളയിൽ തന്നെ പദ്ധതികളുടെ നടത്തിപ്പ് വിവരം ഗ്രാമസഭകളിൽ അവതരിപ്പിക്കാൻ നിർവഹണോദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ജനങ്ങൾക്ക് ഉപയോഗപ്രദമായ പദ്ധതികൾ നടപ്പിലാക്കുവാൻ നിർവഹണ അധികാരികളുടെയും ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. പദ്ധതി തുക മറ്റു അടിയന്തിര ആവശ്യങ്ങൾക്കായി വിനിയോഗിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രതൃവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 3772150 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്,ജൈവ സമൃതി,സമഗ്രപച്ചക്കറികൃഷി,പാലിനു സബ്സിഡി,പ്ലാസ്റ്റിക്ക് ഷ്രെഡിങ്ങ് യൂണിറ്റ് അടിസ്ഥാന സൗകര്യമെരുക്കൽ,പാലിനു സബ്സിഡിയ്ക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ | 1792150 | 1980000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 2872150 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്,ജൈവ സമൃതി,സമഗ്രപച്ചക്കറികൃഷി,പാലിനു സബ്സിഡി,കൊണ്ണിയൂർ ഗവ.എൽ.പി.എസിനു സ്കൂൾക്ലാസ് റൂം നിർമ്മാണം,പാലിനു സബ്സിഡിയ്ക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ | 1172150 | 1700000 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | തുക | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| KSEB | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | | 45000 | 44387 | 613 |
| KSEB | ലൈൻ എക്സ്റ്റൻഷൻ | | 100000 | 77251 | 22749 |
| KSEB | ലൈൻ എക്സ്റ്റൻഷൻ | | 1501667 | 976982 | 524685 |
| KWA | പൈപ്പ് ലൈൻ | | 1523515 | 807855 | 715660- |
| KWA | പൈപ്പ് ലൈൻ | | 200000 | 200000 | 0 |
| KWA | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | | 2263074 | 2123426 | 139648 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ തിരിച്ചടവിന്റെ വിവരം.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | തിരിച്ചടയ്ക്കാനുളള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| E.M.S ഭവന വായ്പ | 429/2010/ 06.02.2010 | 21069000 | 6320700 | 2106900 | - | 4213800 |

തൻവർഷം പലിശ തിരിച്ചടവ് ഉണ്ടായിട്ടില്ല.

## 4-4 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നം | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/തീയതി |
|---|---|---|---|---|---|
| 1 | 2010-11 | 2.6 | 300 | ശ്രീമതി.തങ്കമണി എഫ് റ്റി.എസ്. പൂവച്ചൽ | 11702106747/ 28.10.2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ക്രമ നം | ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | 2003-04 | 3(25) | 2007-08 | 3(4) | ലേലം ചെയ്ത തടി കൊണ്ടുപോകാൻ അനുവദിക്കാത്തതു കാരണം പഞ്ചായത്തിനുണ്ടായ നഷ്ടം | റവന്യൂ റിക്കവറി നടപടികൾ ത്വരിതഗതിയിൽ നടത്തുന്നതാണെന്ന കാട്ടാക്കട തഹസീൽദാർ അറിയിച്ചിട്ടുണ്ട് |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

*എ) സംക്ഷിപ്ത വിവരം*

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 147814884.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 134008474.00 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 13938.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6011834.00 |

*ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-11 | 13938 | 1) ശ്രീ.സൂരജ് സി.ജെ,അസി.എഞ്ചിനീയർ<br>2) സന്തോഷ് കുമാർ.കെ.വി, അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 (a)<br>3-5 (b)<br>3-5 (c) | 1169729.00<br>142105.00<br>4700000.00 | ഡോ.നെൽസൺ.<br>മെഡിക്കൽ ഓഫീസർ,പി.എച്ച്.സി |

*സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം*

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

1) ശ്രീ.സൂരജ് സി.ജെ, അസി.എഞ്ചിനീയർ, ചൈതന്യ, മണ്ഡപത്തിൻകടവ്, ഒറ്റശേഖരമംഗലം.പി.ഒ

2) ശ്രീ. സന്തോഷ് കുമാർ.കെ.വി, അസി.എഞ്ചിനീയർ, ശ്രീവൽസം, ഉറുവേലി, പനവൂർ.പി.ഒ

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന |
|---|---|---|

| | | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2005-06 | എൽ.എഫ്.റ്റി.ഡി.ജി.പി.5/817(A)/09, dt 28.10.11 | 3 |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി.5/385/14,dt 3.09.2014 | 2 |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി.5/84/15,dt 09.07.15 | 13 |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി5/84/15, dt 09.07.15 | 14 |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.5/1848,dt 19.10.15, | 19 |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി.5/1334/15, dt 3/06/15 | 14 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം,ജി.പി.5/1346/15, dt 15.10.15 | 18 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം,ജി.പി.5/1312/16, dt 19.07.16 | 18 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം,ജി.പി.5/2121/16, dt 14.12.16 | 20 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം,ജി.പി.5/1689/17 dtd 5.8.17 | 13 |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

ബിഎൽ.

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ് 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215 -ാം വകുപ്പ്, ഇവ അനുസരിച്ചും കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ **2017-18** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക സാമ്പത്തികവർഷത്തെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.